പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2009 — 18.06.2013 ൽ മറുപടിക്ക്

# വൈദ്യുതി വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺ ലൈനായി നൽകുന്ന പദ്ധതികൾ വൈദ്യുതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. കേന്ദ്രാവിഷ്കൃത ആർ.എ.പി.ഡി.ആർ.പി (RAPDRP) വിവരസാങ്കേതിക വിദ്യ പദ്ധതികൾ വൈദ്യുതി വിതരണ രംഗത്ത് നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്തുടനീളം ഈ സംവിധാനം നിലവിൽ വരും. അതിന്റെ ഭാഗമായി ഓൺലൈനായി സേവനങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാകും. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേന്ദ്ര സർക്കാർ, വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 50,000 കോടി രൂപ എല്ലാ സംസ്ഥാനങ്ങൾക്കുമായി ധനസഹായം നൽകുവാൻ വിഭാവനം ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ 10,000 കോടി രൂപയാണ് എല്ലാ സംസ്ഥാനങ്ങൾക്കുമായി വൈദ്യുതി വിതരണ മേഖലയിൽ |

(.....2)

വിവര സാങ്കേതിക വിദ്യ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി കേരളത്തിന് 214.33 കോടി രൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതിയുടെ നോഡൽ ഏജൻസിയായി കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷനെയാണ് (പി.എഫ്.സി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുകയും ഏജൻസികളുടെ തിരഞ്ഞെടുപ്പ് പ്രക്രിയ ചട്ടപ്രകാരമാണെന്ന് ഉറപ്പു വരുത്തുകയും പണം അനുവദിക്കുന്നതുൾപ്പെടെയുള്ള പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ മേൽനോട്ടവും പി.എഫ്.സിക്കാണ്. പി.എഫ്.സി എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ ഐ.ടി. പ്രോജക്ടുകളുടെ നടത്തിപ്പുകാർ കെപ്കോ കെ.ഡി.എൻ എന്ന കമ്പനിയാണ്.

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ്) & സേഫ്റ്റി കമ്മീഷണർ ഓഫീസിനെ ചുമതലപ്പെടുത്തി. കേരളമൊട്ടാകെയുള്ള പദ്ധതി നിർവ്വഹണത്തിനു വേണ്ടി വിതരണ വിഭാഗത്തിലെ 43 ഉന്നത ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി. ഈ പദ്ധതിയുടെ ഭാഗമായുള്ള ഡാറ്റാസെന്ററിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കൂടാതെ ഡാറ്റാ റിക്കവറി സെന്റർ, കസ്റ്റമർ കെയർ സെന്റർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(.... 3)

ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള സോഫ്റ്റ്‌വെയറുകൾ പൂർത്തീകരിക്കുന്നതിനു വേണ്ടി ഓരോ മേഖലയിലും പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പത്തോളം ഫങ്ങ്ഷണൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ